**ഭരണഭാഷ – മാതൃഭാഷ**

നമ്പർ. കെ.ഐ.ഒ. 145/2025(7)

ജില്ലാ ഇൻഫർമേഷൻ ഓഫീസ്
കോട്ടയം. ഫോൺ: 0481 – 2562558
ഇ–മെയിൽ: prdktym@gmail.com
തീയതി: 03.04.2025

# ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2025 ഏപ്രിൽ 25 മുതൽ മേയ് 1 വരെ കോട്ടയം നാഗമ്പടം മൈതാനത്ത് നടക്കുന്ന 'എന്റെ കേരളം' പ്രദർശന വിപണന മേള, 2025 ഏപ്രിൽ 29ന് ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗം എന്നിവയുടെ പ്രചാരണാർത്ഥം കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തത്സമയ ക്വിസ് മത്സരവും കലാജാഥയും നടത്തുന്നതിന് പബ്ലിക് അഡ്രസിങ് സിസ്റ്റം, ജനറേറ്റർ, സൗ ് മിക്സർ 16 ചാനൽ സഹിതം ലഭ്യമാക്കുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു.

| ഇനവിവരം | |
|---|---|
| സൗണ്ട് സിസ്റ്റം<br>പബ്ലിക് അഡ്രസിങ് സിസ്റ്റം,<br>മോണിറ്റർ, സൗ ് മിക്സർ<br>16 ചാനൽ സഹിതം | 4000 വാട്ട്സ് |
| ജനറേറ്റർ | 3 കെ.വി. (ഇന്ധനച്ചെലവടക്കം) |

കോട്ടയം ജില്ലയിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും മേൽ ഇനങ്ങൾ ഒരു ദിവസത്തേക്ക് (രാവിലെ 9 മുതൽ വൈകിട്ട് 8 വരെ) ലഭ്യമാക്കുന്നതിനുള്ള ചെലവുകളും എല്ലാ നികുതികളും അടക്കമുള്ള തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

പബ്ലിക് അഡ്രസിങ് സിസ്റ്റം പൊതുസ്ഥലങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അനുമതികൾ നേടിയിരിക്കണം. നിയമാനുസൃതമല്ലാതെ പബ്ലിക് അഡ്രസിങ് സിസ്റ്റം പ്രവർത്തിപ്പിച്ചാൽ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/സ്ഥാപനത്തിന് മാത്രമായിരിക്കും പൂർണ ഉത്തരവാദിത്തം. ഉപകരണങ്ങൾക്ക് അപകടം മൂലമോ മറ്റേതെങ്കിലും രീതിയിലോ കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഉത്തരവാദിയായിരിക്കുന്നതല്ല. ക്വട്ടേഷൻ എടുക്കുന്ന സ്ഥാപനം/വ്യക്തിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് തുക മാറിനൽകുക.

ക്വട്ടേഷൻ തുകയിൽനിന്ന് നിയമാനുസൃത ആദായനികുതി കിഴിവുചെയ്യുന്നതാണ്. ക്വട്ടേഷൻ എടുക്കുന്ന സ്ഥാപനം/വ്യക്തിക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള പാൻ കാർഡ് നിർബന്ധമാണ്. ഇല്ലെങ്കിൽ നിയമാനുസൃതമായ ശതമാനം ആദായനികുതി ഈടാക്കുന്നതാണ്. ജി.എസ്.ടി. ബാധകമല്ലാത്തവർ സാക്ഷ്യപത്രം നൽകണം.

ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്ത പക്ഷം ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/സ്ഥാപനത്തിനെതിരേ നിയമനടപടി സ്വീകരിക്കാനുള്ള എല്ലാവിധ അധികാരവും കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. തർക്കം, കോടതി വ്യവഹാരങ്ങളുണ്ടായാൽ കോട്ടയം ജില്ലയായിരിക്കും അധികാരപരിധി.

ക്വട്ടേഷനുകൾ 2025 ഏപ്രിൽ 11 ന് ഉച്ചകഴിഞ്ഞ് 1.00 വരെ സ്വീകരിക്കും.

ക്വട്ടേഷനുകൾ 2025 ഏപ്രിൽ 11 ന് വൈകിട്ട് 5.00 ന് തുറക്കും.

ക്വട്ടേഷൻ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

അരുൺ കുമാർ എ.
(പെൻ നം. 673197)
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കോട്ടയം

1. പ്രസ് റിലീസ്
2. നോട്ടീസ് ബോർഡ്
3. കരുതൽ ഫയൽ
4. ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ, ഐ.& പി.ആർ.ഡി. ഡയറക്ടറേറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)